# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6497** **10-11-2021 - ൽ മറുപടിയ്ക്ക്**

**അയിരൂപ്പാറ വില്ലേജിൽ ഒടുക്കിക്കൊണ്ടിരുന്ന കരം തുടർന്നും അടയ്ക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ അയിരൂപ്പാറ വില്ലേജിൽ ഒടുക്കിക്കൊണ്ടിരുന്ന കരം തുടർന്നും അടയ്ക്കുന്നതിന് അവസരം നൽകണമെന്ന് കാണിച്ച് അയിരൂപ്പാറ വില്ലേജ് ഓഫീസർക്കും തിരുവനന്തപുരം തഹസിൽദാർക്കും നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രീ.ജോൺ ജോസ്, അയിരൂപ്പാറ വില്ലേജിൽ നൽകിയ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകന്റെ സർവ്വേ നമ്പർ ഉൾപ്പെട്ടു വരുന്നതിൽ നിന്നും നിരവധി തെറ്റായ പോക്കുവരവുകൾ നടന്നിട്ടുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. ആയത് വിശദമായി പരിശോധിച്ച് നൽകുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യമാണെന്ന് കാണ്ടതിനാൽ ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇക്കാര്യം സംബന്ധിച്ച് ഫയൽ നമ്പർ എച്ച്.1/27673/21-ൽ തഹസിൽദാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; പ്രസ്തുത പരാതിയിൽ പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | എച്ച്1-27673/21 നമ്പർ ഫയൽ താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ അപേക്ഷയ്ക്ക് ആസ്പദമായ ഭൂമിയുടെ സർവ്വേ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പരാതി പരിഹരിച്ച് ജോൺ ജോസിന് മുൻവർഷങ്ങളിലേതുപോലെ അയിരൂപ്പാറ വില്ലേജിൽ തുടർന്നും കരം അടയ്ക്കുന്നതിനായി രജിസ്റ്ററിലും കമ്പ്യൂട്ടറിലും മാറ്റം വരുത്തുവാൻ അവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ